www.malankaralibrary.com

## സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം

### കുളനട

**പത്തനംതിട്ട ഭദ്രാസനം**



# വിശുദ്ധ യൂദാതദേവൂസിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

www.malankaralibrary.com

Published by:

The Vicar, St. Jude Malankara
Catholic Church, Kulanada
Kulanada P.O. - 689503

*For Private Circulation only*

*28th October 2024*

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
DIOCESE OF PATHANAMTHITTA

MOST REV. DR. SAMUEL MAR IRENIOS
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail:diocesepta@gmail.com (O)
bishopmarirenios@gmail.com (P)

*"തലമുറകളായി പിതാക്കൻമാർ ചെയ്ത പ്രവൃത്തികൾ ഓർക്കുവിൻ. ഉന്നതമഹത്വവും അനശ്വരകീർത്തിയും ആർജിക്കുവിൻ." (1 മക്കബായർ 2 : 51)*

**ആശീർവാദം**

രക്തസാക്ഷിയായ വി. യൂദാശ്ലീഹാ, യേശുക്രിസ്തുവിനോടുള്ള അചഞ്ചലമായ വിശ്വാസത്തിന് മാതൃകയാണ്.അനുദിനജീവിതത്തിലെ വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിൽ വിശ്വാസ സ്ഥിരതയോടെ നില്ക്കുവാനും ജീവിതം സജീവ ക്രൈസ്തവ സാക്ഷ്യമാക്കുവാനും യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥതയും മാതൃകയും സഹായിക്കുന്നു. അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ യൂദാശ്ലീഹാ ജീവിത ദുഖങ്ങളിൽപ്പെട്ടുഴലുന്ന അനേകർക്ക് ഉത്തമ സഹായകനാണ്. യേശുക്രിസ്തുവിന്റെ സൗഖ്യദായകമായ കരുണ തന്റെ ശ്ലീഹായിലൂടെ ഇന്നും സമൃദ്ധമായി നല്കപ്പെടുന്നു.

യൂദാശ്ലീഹാ തീഷ്ണതയുള്ള പ്രേഷിതനാണ്. യേശുക്രിസ്തുവിന്റെ സ്നേഹവും കരുണയും ഔദാര്യത്തോടെ പ്രഘോഷിച്ച ശ്ലീഹാ, പ്രേഷിത പ്രവർത്തനങ്ങൾക്ക് നമ്മെ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. ലഭിച്ചിരിക്കുന്ന ദൈവവിളിയോടു വിശ്വസ്ഥത പുലർത്തി, യേശുക്രിസ്തുവിനെ പ്രഘോഷിക്കുവാൻ നമുക്കു സാധിക്കട്ടെ.

www.malankaralibrary.com

വി. യൂദാശ്ലീഹായുടെ നിത്യനവനാളിനു സഹായകമായി, വി. യൂദാശ്ലീഹായുടെ നാമധേയത്തിലുള്ള കുളനട ഇടവക തയ്യാറാക്കിയ 'വിശുദ്ധ യൂദാതദേവൂസിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന' പുനഃപ്രസിദ്ധീകരണം നടത്തുന്നതിൽ സന്തോഷമുണ്ട്. ഈ പുസ്തകത്തിന്റെ ആദ്യ പ്രസിദ്ധീകരണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ ഹൃദയപൂർവ്വം ഓർക്കുന്നു. ഇടവകയുടെ ഇപ്പോഴത്തെ വികാരി ഫാ. റോബിൻ മനയ്ക്കലേത്ത്, ഫാ. ഫിലിപ്പോസ് ചരിവുപുരയിടത്തിൽ, ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, ഇടവക മക്കൾ ഏവരേയും അഭിനന്ദിക്കുന്നു.

ഈ കൂട്ടായ്മ ആരംഭിച്ചിട്ട് മൂന്ന് പതിറ്റാണ്ട് പിന്നിടുന്ന ഈ അവസരത്തിൽ ഇടവക കൂട്ടായ്മയ്ക്ക് എല്ലാ അനുഗ്രഹങ്ങളും നേരുന്നു. ഇടവക സമൂഹത്തിനും ഈ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്ന ഏവർക്കും ഈ പ്രാർത്ഥനാപുസ്തകം സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

+ Mar Irenios

**ഡോ. സാമുവേൽ മാർ ഐറേനിയോസ്**
**പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ**

MOST. REV. DR. SAMUEL MAR IRENIOS
DIOCESE OF PATHANAMTHITTA

15 ഒക്ടോബർ 2024

www.malankaralibrary.com

## അസാദ്ധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൂദാതദേവൂസ്

യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിലൊരാളാണ് വി. യൂദാതദേവൂസ്. ഇദ്ദേഹം ചെറിയ യാക്കോബുശ്ലീഹായുടെ സഹോദരനും, മിശിഹായുടെയും കന്യകമറിയത്തിന്റെയും അടുത്ത ചാർച്ചക്കാരനുമായിരുന്നു. കർത്താവിന്റെ സ്വർഗാരോഹണത്തിനുശേഷം, എദേസാ, സിറിയാ, പേർഷ്യാ മുതലായ രാജ്യങ്ങളിൽ വളരെ തീഷ്ണതയോടെ ഇദ്ദേഹം സുവിശേഷം പ്രസംഗിച്ച് അനേകരെ സത്യവിശ്വാസികളാക്കി. ക്രിസ്തുവിനുവേണ്ടി ശ്ലീഹാ ഗദകൊണ്ട് പ്രഹരിക്കപ്പെടുകയും, അവസാനം ഗളച്ഛേദം ചെയ്യപ്പെടുകയും ചെയ്തു.

ഒററുകാരനായ യൂദാ 'യൂദാ' എന്ന പേരിനു വരുത്തിവച്ച കളങ്കം കാരണം ജനങ്ങൾ വി. യൂദാതദേവൂസിനെയും തെറ്റിദ്ധരിക്കുന്നു. ഈ വിശുദ്ധനെ അറിയുന്നവരും അദ്ദേഹത്തോട് പ്രാർത്ഥിക്കുന്ന വരും വളരെ ചുരുക്കമാണ്. തിരുസഭയാകട്ടെ ഇദ്ദേ ഹത്തെ അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായി അംഗീകരിക്കുകയും, അങ്ങനെ വിശ്വാസികളെ ഉപദേശിക്കുകയും ചെയ്യുന്നു. വിഷമപ്രശ്നങ്ങളിൽ വി. യൂദാതദേവൂസിനോടുള്ള പ്രാർത്ഥന വളരെ ഫലപ്രദമാണെന്ന് അനുഭവസ്ഥർ സാക്ഷ്യം വഹിക്കുന്നു.

വിശുദ്ധനെ വിളിച്ചപേക്ഷിക്കുന്നവർക്ക് അത്ഭുതകരമാംവിധം അനുഭവപ്പെട്ടിട്ടുള്ളതാണ് അവിടുത്തെ മദ്ധ്യസ്ഥശക്തി. മാനുഷികശക്തിയെ വെല്ലുവിളിക്കുന്ന മാറാവ്യാധിയോ, വൈദ്യശാസ്ത്രത്തിൻറെ കഴി

www.malankaralibrary.com


വുകളെ കവിഞ്ഞുള്ള രോഗമോ, ദാരിദ്ര്യമോ, നിരാശയോ, മാനസികാസ്വാസ്ഥ്യമോ എന്തുതന്നെയായാലും അവയിൽനിന്നൊരു രക്ഷാമാർഗം വിശുദ്ധൻ തന്റെ ഭക്തർക്കു കാണിച്ചുകൊടുക്കും. 'അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥൻ'' എന്നറിയപ്പെടുന്ന വിശുദ്ധന് പരിഹരിക്കാനാവാത്ത പ്രശ്നമേയില്ല.

പതിനാലാം നൂറ്റാണ്ടിലാണ് വിശുദ്ധനോടുള്ള ഭക്തി പ്രചരിക്കുവാൻ തുടങ്ങിയത്. പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്വീഡനിലെ വിശുദ്ധ ബ്രിജിറ്റിന് ദിവ്യരക്ഷകൻ പ്രത്യക്ഷപ്പെട്ട് വി. യൂദാതദേവൂസിനോടുള്ള ഭക്തിയും വണക്കവും പ്രചരിപ്പിക്കുവാൻ ആവശ്യപ്പെട്ടു. അതിൻപ്രകാരം വിശുദ്ധ ബ്രിജിറ്റ് വി. യൂദാതദേവൂസിനോടുള്ള ഭക്തി വണക്കങ്ങൾ പ്രചരിപ്പിച്ചു. മനുഷ്യർക്ക് അസാദ്ധ്യമായ കാര്യങ്ങൾ വരെ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം വഴി ലഭിക്കുവാൻ തുടങ്ങിയതോടെ ഈ വിശുദ്ധൻ അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥൻ എന്നറിയപ്പെടാൻ തുടങ്ങി.

വിശുദ്ധ യൂദാശ്ലീഹായുടെ നാമത്തിലാണ് കുളനട സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടി പലസ്ഥലങ്ങളിൽനിന്നും ഭക്തജനങ്ങൾ ഇവിടെ വന്ന് പുണ്യവാനെ ബഹുമാനിക്കുകയും അദ്ദേഹത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നുണ്ട്.

www.malankaralibrary.com


## വിശുദ്ധന്റെ രക്തസാക്ഷിത്വം

പ്രേഷിതയാത്രകളുടെ ഭാഗമായി തദേവൂസും സഹോദരൻ ശെമയോനും പേർഷ്യയിലെത്തി. അവിടെ പക്ഷേ, ഈ അപ്പോസ്തലൻമാർക്ക് ശത്രുക്കളുണ്ടായി. ജനങ്ങളെ അന്ധവിശ്വാസങ്ങൾ പഠിപ്പിച്ച് ചൂഷണം ചെയ്തു കൊണ്ടിരുന്ന മന്ത്രവാദികളായിരുന്നു ശത്രുക്കൾ. സുവാനീർ എന്ന സ്ഥലത്തു വച്ച് യൂദാതദേവൂസിനെ ശത്രുക്കൾ ഗദകൊണ്ടടിച്ച് അവശനാക്കിയശേഷം ഒരു വലിയ മഴുകൊണ്ട് അദ്ദേഹത്തിന്റെ ശിരസ്സ് വെട്ടിമാറ്റി കൊല്ലുകയാണ് ചെയ്തത്. വിശുദ്ധ യൂദാതദേവൂസിന്റെ ചിത്രങ്ങളിൽ ഒരു ഗദയും മഴുവും ചിത്രീകരിക്കപ്പെട്ടിരിക്കുന്നതിന് കാരണം ഇതാണ്. മഹത്തായ ഈ രക്തസാക്ഷിത്വം നടന്നത് ഒക്ടോബർ മാസം 28-ാം തീയതി ആയിരുന്നു.

..........................................................................

## ഇടവക തിരുനാൾ

ഒക്ടോബർ 28

..................................................

## മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 4 മുതൽ

ജപമാല, വി. കുർബാന, മദ്ധ്യസ്ഥ പ്രാർത്ഥന

..................................................

## ഞായർ

രാവിലെ 9 മണി

പ്രഭാത പ്രാർത്ഥന, വി. കുർബാന

www.malankaralibrary.com



## പ്രാരംഭ ഗാനം

(ഈശോ പുത്രനെ വാ... എന്ന രീതി)

1. യൂദായെൻ പിതാവേ! യേശുവിൻ ഭ്രാതാവേ!
   വേദസാക്ഷിയായ് ജീവൻ വെടിഞ്ഞൊരു
   ധീരനാം ശ്ലീഹായേ!
2. സാദ്ധ്യമായിടാത്ത കാര്യങ്ങൾക്കൊക്കെയും
   മാദ്ധ്യസ്ഥ ശക്തിയുള്ളോനേ നീ നിത്യം
   പ്രാർത്ഥിക്ക ഞങ്ങൾക്കായ്
3. ആശ്രിത വത്സല - ആശ്വാസദായകാ താവകപാദെ
   ഞങ്ങളർപ്പിച്ചീടും പ്രാർത്ഥന കേൾക്കേണം
4. കണ്ണീരിൽ കുതിർന്ന കാഴ്ച്ചകൾ നിൻ മുമ്പിൽ
   കൂട്ടമായ് ഞങ്ങളെത്തിച്ചീടുന്നു,
   നിൻ കാരുണ്യം തൂകേണം.
5. പാപികളെങ്കിലും ആശയാർന്നീ വിധം
   ഓടിയണയും നേരം ഞങ്ങളെ നീ
   തള്ളാതെ കാക്കേണം.
6. വേദന തിങ്ങുമ്പോൾ യാതനയേൽക്കുമ്പോൾ
   ഉള്ളം തകർന്നു നിന്നെ വിളിക്കും ഞാൻ
   താതാ നീ കേൾക്കേണം.
7. ലോകം വെടിയുമ്പോൾ - മൃത്യു കഴിയുമ്പോൾ
   താവക ഗുരുവിൻ സന്നിധിയിൽ നീ
   എന്നെയും ചേർക്കേണം.

(യൂദായെൻ...)

www.malankaralibrary.com


## മദ്ധ്യസ്ഥപ്രാർത്ഥന

## കൗമാ പ്രാർത്ഥന

## പ്രാരംഭ പ്രാർത്ഥന

**കർമ്മി**: കർത്താവേ, നിന്നോടുള്ള സത്യസ്നേഹം മൂലം കൊല്ലപ്പെടുകയും നിന്നോടുള്ള പ്രീതി നിമിത്തം പലവിധ ദണ്ഡനങ്ങൾ സഹിക്കുകയും നിന്റെ മോക്ഷത്തെക്കുറിച്ചുള്ള ആശയിൻമേൽ കഠിനൻമാരായ അധികാരികളിൽനിന്ന് നിരവധി ഞെരുക്കങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള നിന്റെ ശ്രേഷ്ഠ യോദ്ധാവാകുന്ന മാർ യൂദാതദേവൂസിന്റെ ഓർമ്മയെ ഞങ്ങൾ ആചരിക്കുന്ന ഈ ദിവസത്തിൽ ആത്മീയാനന്ദവും, ആഹ്ലാദവും കൊണ്ട് ഞങ്ങളുടെ ആത്മാക്കളെ നീ നിറയ്ക്കേണമേ. ഞങ്ങളുടെ കർത്താവേ നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധാത്മാവിനേയും എന്നേയ്ക്കും സ്തുതിപ്പാനും അവനു നൽകപ്പെട്ടിരിക്കുന്ന ഭാഗ്യങ്ങൾക്കും അവൻ വസിക്കുന്ന ആത്മീയ മണവറയ്ക്കും ഞങ്ങളെ നീ യോഗ്യരാക്കണമേ.
മോറാൻ വാലോഹാൻ ല് ഒൽമീൻ.
**ജനം**: ആമ്മീൻ
**ശുശ്രൂ:** ബാറെക്മോർ സ്തൗമെൻകാലൊസ്
**ജനം**: കുറിയേലായിസ്സ്റ്റോൻ

## പ്രുമിയോൻ

**കർമ്മി**: മാർ യൂദാതദേവൂസിനെ തിരഞ്ഞെടുക്കുകയും, തന്റെ ശ്രേഷ്ഠതയ്ക്ക് അവനെ ശ്ലീഹായാക്കി തീർക്കുകയും, തന്റെ സുവിശേഷം പ്രസംഗിപ്പാൻ അവനെ ശക്തിപ്പെടുത്തുകയും ചെയ്ത കർത്താവിനു സ്തുതി.

www.malankaralibrary.com


വി. ശ്ലീഹായുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്ന ഈ സമയത്തും, സകല പെരുന്നാളുകളിലും, കാലങ്ങളിലും, നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധയും തനിക്ക് യോഗ്യമാകുന്നു (ബ്കുലഹൂൻ യൗമ്മോ സൊദ് ഹായായിൻ ല്ഒൽമീൻ.)

**ജനം**: ആമ്മീൻ

## സെദറാ

**കർമ്മി**: ശ്രേഷ്ഠ ശ്ലീഹായാകുന്ന യൂദാതദേവൂസേ, ഞങ്ങൾ നിന്റെ ഓർമ്മയെ ബഹുമാനിച്ച് പുകഴ്ത്തി പ്രാർത്ഥിക്കുന്നു. വിശുദ്ധ സഭയുടെ കോട്ടയാകുന്ന ഭാഗ്യവാനേ, സമാധാനത്തോടെ വരിക! സത്യ വിശ്വാസത്തെ പീഡിപ്പിക്കുന്നവരിൽ നിന്നും രക്തത്തോളം ഞെരുക്കങ്ങൾ സഹിച്ച ധീരനായുള്ളോവേ, സമാധാനത്തോടെ വരിക! നിന്റെ അസ്ഥികളിൽനിന്നും മനുഷ്യർക്ക് സഹായങ്ങളും രോഗികൾക്ക് സൗഖ്യവും ഒഴുകുന്നു.

ആകയാൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, എന്തെന്നാൽ കടങ്ങളുടെയും പാപങ്ങളുടേയും മോചനം ഞങ്ങൾക്ക് നൽകുവാനും നല്ല അവസാനത്തിനും, തന്നെ സ്നേഹിച്ചിട്ടുള്ള നീതിമാൻമാരുടെ ഓഹരിക്കും ഞങ്ങളെ യോഗ്യരാക്കുവാനുമായി കർത്താവിനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ഞങ്ങൾ നിന്നോടുകൂടെ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും.

**ജനം**: ആമ്മീൻ

**കർമ്മി**: ദൈവത്തിൽ നിന്ന് കടങ്ങൾക്ക്...
**ജനം**: ആമ്മീൻ

www.malankaralibrary.com



## ലൂത്തീനിയ

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ അനുഗ്രഹിക്കണമേ
കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ അനുഗ്രഹിക്കണമേ
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ.

(ഏറ്റുചൊല്ലുന്നു)

.................................................................

സ്വർഗ്ഗസ്ഥ പിതാവായ ദൈവമേ
ലോകരക്ഷിതാവായ ദൈവപുത്രാ
പരിശുദ്ധാത്മാവായ ദൈവമേ
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ

(ഞങ്ങളെ അനുഗ്രഹിക്കണമെ)

.................................................................

ഈശോയുടെയും അവിടുത്തെ വത്സല
മാതാവിന്റെയും ഉറ്റ ബന്ധുവായ വി. യൂദായേ...

ദിവ്യരക്ഷകനെയും പരിശുദ്ധ കന്യകയെയും
ദർശിക്കുവാനും അവരോടൊന്നിച്ച് ജീവിക്കുവാനും
ഭാഗ്യം ലഭിച്ച വി. യൂദായേ...

സ്വയം എളിമപ്പെട്ട് ക്രിസ്തുനാഥൻ നിന്റെ
പാദങ്ങളെ ക്ഷാളനം ചെയ്യുന്നതു
അനുഭവിക്കുവാൻ ഭാഗ്യം സിദ്ധിച്ച വി. യൂദായേ...

മിശിഹായിൽനിന്നും വി. കുർബ്ബാന
സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച വി. യൂദായേ...

ഗുരുവിന്റെ മരണം മൂലമുണ്ടായ തീവ്രമായ
മനോവ്യഥയ്ക്കുശേഷം അവിടുത്തെ
പുനരുത്ഥാനത്തിൽ സമാശ്വസിതനാകുകയും
സ്വർഗ്ഗാരോഹണവേളയിൽ അവിടുത്തോടൊന്നിച്ച്
ഉണ്ടായിരിക്കുകയും ചെയ്ത വി. യൂദായേ...

(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ)

www.malankaralibrary.com


ശ്ലീഹാപദത്തിലേക്കുയർത്തപ്പെട്ട വി. യൂദായേ

പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവിനാൽ
സംപൂരിതനായ വി. യൂദായേ

പേർഷ്യായിൽ സുവിശേഷ ദീപ്തി
പരത്തിയ വി. യൂദായേ

അനേകരെ സത്യവിശ്വാസത്തിലേക്ക്
ആനയിച്ച വി. യൂദായേ

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ
അത്ഭുതങ്ങൾ പ്രവർത്തിച്ച വി. യൂദായേ...

വിഗ്രഹാരാധകനായ രാജാവിന്റെ
ആത്മശരീരങ്ങൾക്ക് പൂർണ്ണ സൗഖ്യമേകിയ
വി. യൂദായേ...

ദുർഭൂതങ്ങളെ നിശ്ശബ്ദമാക്കി അവരുടെ
വാഴ്ച്ചയ്ക്ക് അന്ത്യം വരുത്തിയ വി. യൂദായേ

ക്രൂര സർപ്പങ്ങളിൽനിന്ന് മനുഷ്യോപദ്രവകരമായ
ശക്തിയെ നീക്കിക്കളഞ്ഞ വി. യൂദായേ...

അവിശ്വാസികളുടെ ഭീഷണിക്കു വഴിപ്പെടാതെ
സുവിശേഷം പ്രഘോഷിച്ച വി. യൂദായേ...

ദിവ്യ ഗുരുവിനോടുള്ള നിസ്സീമമായ സ്നേഹത്തെ
പ്രതി രക്തസാക്ഷിത്വം വരിച്ച വി. യൂദായേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

.................................................................

അനുഗ്രഹീതനായ ശ്ലീഹായെ, പൂർണ്ണ വിശ്വാസ
ത്തോടുകൂടി ഞങ്ങൾ അങ്ങേ മദ്ധ്യസ്ഥ്യം
അഭ്യർത്ഥിക്കുന്നു. (മൂന്ന് പ്രാവശ്യം)

www.malankaralibrary.com



അശരണരുടെ സങ്കേതമായ വി. യൂദായേ!
ആപൽഘട്ടത്തിൽ ഞങ്ങളെ സഹായിക്കേണമേ.

(മൂന്ന് പ്രാവശ്യം)

.........................................................................

അങ്ങേ മദ്ധ്യസ്ഥം വഴി വൈദികരും അല്മായരും ക്രൈസ്തവ വിശ്വാസത്തിൽ തീക്ഷണതയുള്ളവരായിരിപ്പാൻ വേണ്ടി, വി. യൂദായേ

അങ്ങയെ ബഹുമാനിക്കുന്ന സകലരുടേയും മേൽ അവിടുത്തെ കൃപാകടാക്ഷം ഉണ്ടാകുന്നതിനു വേണ്ടി, വി. യൂദായേ

സഭയുടെ തലവനായ പരിശുദ്ധ മാർപ്പാപ്പയെ കാത്തുസംരക്ഷിക്കുവാനും, സഭയ്ക്ക് സമാധാനവും, ഐക്യവും ലഭിക്കുവാനും വേണ്ടി, വി. യൂദായേ

അവിശ്വാസികളും അജ്ഞരുമായ സകലരും സത്യവിശ്വാസത്തെ ആശ്ലേഷിക്കുന്നതിനു വേണ്ടി, വി. യൂദായേ

ഞങ്ങളുടെ ഹൃദയത്തിൽ വിശ്വാസവും, ശരണവും, ഉപവിയും, ഒന്നിനൊന്ന് വർദ്ധിച്ചു വരുവാൻ വേണ്ടി, വി. യൂദായേ

പിശാചിന്റെ തന്ത്രങ്ങളിൽ നിന്നും ദുഷ്ടവിചാരങ്ങളിൽ നിന്നും ഞങ്ങൾ വിമുക്തരാകുന്നതിനു വേണ്ടി, വി. യൂദായേ

മരണസമയത്ത് പിശാചിന്റെ കപടതന്ത്രങ്ങളിൽ നിന്ന് ഞങ്ങൾ രക്ഷ പ്രാപിക്കുന്നതിനു വേണ്ടി, വി. യൂദായേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

www.malankaralibrary.com


അവസാന നിമിഷത്തിൽ ഉത്തമ മനസ്താപം
മൂലം പാപഭാരത്തിൽനിന്ന് ഞങ്ങൾ വിമുക്തരാ
കുവാനും, വിശുദ്ധ കൂദാശകളുടെ
സ്വീകരണത്തിന് അവസരം ലഭിക്കുവാനും
വേണ്ടി, വി. യൂദായേ

ദൈവത്തിന്റെ അനന്ത നീതിയെ തൃപ്തി
പ്പെടുത്തുവാനും അനുകൂലമായ അവിടുത്തെ
വിധിക്കുള്ള ഭാഗ്യം ലഭിപ്പാനും വേണ്ടി,
വി. യൂദായേ

വിശുദ്ധൻമാരുടെ സംഘത്തിൽ ഞങ്ങൾ
കൂടിചേരുവാനും ദൈവസാന്നിദ്ധ്യത്തിൽ
നിത്യാനന്ദത്തിൽ പങ്കാളികളാകുവാനും
വേണ്ടി, വി. യൂദായേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

........................................................................

ഭൂലോക പാപങ്ങൾ നീക്കുന്ന
ദൈവ കുഞ്ഞാടായ ഈശോ തമ്പുരാനേ
**കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.**

ഭൂലോക പാപങ്ങൾ നീക്കുന്ന
ദൈവ കുഞ്ഞാടായ ഈശോ തമ്പുരാനേ
**കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

ഭൂലോക പാപങ്ങൾ നീക്കുന്ന
ദൈവ കുഞ്ഞാടായ ഈശോ തമ്പുരാനേ
**കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ.**

ഈശോ മിശിഹായുടെ വാഗ്ദാനങ്ങൾക്ക്
ഞങ്ങൾ യോഗ്യരാകുവാൻ
**വി. യൂദാശ്ലീഹായേ ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ.**

www.malankaralibrary.com


**കർമ്മി**: നമുക്ക് പ്രാർത്ഥിക്കാം

**ജനം:** രക്തസാക്ഷിയും / ക്രിസ്തുവിന്റെ ബന്ധുവുമായ മഹത്വമേറിയ വി. യൂദായേ! കിരാതൻമാരുടേയും വിദൂര ദേശവാസികളുടേയും ഇടയിൽ / സത്യവിശ്വാസത്തെ പ്രചരിപ്പിച്ചവനും / വിശുദ്ധവാക്യം പ്രസംഗിച്ച് / വിവിധ ജാതികളെ ഈശോയുടെ / സഭയിലേക്കാനയിച്ചവനുമായ / അങ്ങേ സന്നിധിയിൽ ഞങ്ങളിതാ വന്നണയുന്നു. ഇന്നു മുതൽ എല്ലാ ദുർനടത്തങ്ങളും / ഉപേക്ഷിക്കുവാനും / ദുർവിചാരങ്ങളിൽനിന്ന് ഞങ്ങൾ വിമുക്തമാകുവാനും / അങ്ങ് ഞങ്ങളെ സഹായിക്കണമേ. ആപത്തുകളിലും വിഷമഘട്ടങ്ങളിലും / അങ്ങേ സഹായം ഞങ്ങൾക്കുണ്ടാകുമാറാകട്ടെ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും / പ്രത്യേകിച്ച് ഈ അവസരത്തിലും / ഞങ്ങളെ സഹായിക്കണമേ. അവസാനമായി / സ്വർഗ്ഗം പ്രാപിക്കുവാനും / അങ്ങയോടൊത്ത് മഹത്വമേറിയ / ദൈവത്തെ സ്തുതിച്ചാരാധിപ്പാനും / ഞങ്ങൾക്കിടവരുത്തണമെ. ആമ്മീൻ.

## നവനാൾ പ്രാർത്ഥന

**ജനം:** മിശിഹായുടെ ചാർച്ചക്കാരനും / വിശ്വസ്ത ദാസനുമായ / വി. യൂദാതദേവൂസേ / കത്തോലിക്കാ സഭ മുഴുവനും, അങ്ങയെ നിരാശരരുടെയും / അസാദ്ധ്യ കാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ *(മൗനമായി നിയോഗം സമർപ്പിക്കുക)*

www.malankaralibrary.com



ഞങ്ങളുടെ ആവശ്യങ്ങൾ / സാധിച്ചു തരേണമേ. സകല ഉദ്യമങ്ങളും / നിഷ്ഫലമായി കാണുന്ന അവസരങ്ങളിൽ / ത്വരിതവും അതിഗൂഢവുമായ സഹായം ചെയ്യുന്നതിന് / അങ്ങേക്ക് ലഭിച്ചിരിക്കുന്ന വിശേഷ വരം / ഈ സന്ദർഭത്തിൽ പ്രയോഗിക്കണമെന്ന് / താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യാ ഞങ്ങൾക്ക് ഇപ്പോൾ നേരിട്ടിരിക്കുന്ന / ആപത്തിലും ഞങ്ങളെ പ്രത്യേകം സംരക്ഷിക്കേണമേ. ഈ ഉപകാരം ഞങ്ങൾ എന്നും ഓർത്തുകൊള്ളാമെന്നും / ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ
വി. യൂദാതദേവൂസെ
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.** (മൂന്ന് പ്രാവശ്യം)

## കുക്കിലിയോൻ

**കാർമ്മി:** നയവാൻ പനപോലെ തളിർത്തിടുമേ – ഹാ
വളരുമവൻ ലബനോൻ കാരകിൽ പോൽ
**ജനം:** വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ – ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും
ബാറെക്മോർ
**കാർമ്മി:** ശുബ്ഹോ..
**ജനം:** മെൻഓലം.

www.malankaralibrary.com


**എക്ബോ**

**കാർമ്മി:** ഒരുപോലിങ്ങും മാർ യൂദാശ്ലീഹാ
**ജനം:** വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമയെ ബഹുമാനിച്ചോർക്കായ്
സ്തൗമെൻകാലൊസ് കുറിയേലായിസോൻ

**കോലോ – 1**

**കാർമ്മി:** പ്രാർത്ഥനയിൻ സമയമിതല്ലോ മാർ യൂദാശ്ലീഹാ
**ജനം:** പതിവിൻ പടിനിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം.
ബാറെക്മോർ
**കാർമ്മി:** ശുബ്ഹോ..
**ജനം:** നിന്നെ വരിച്ചൊരു താതനും മാർ യൂദാശ്ലീഹാ
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടിചൂടിക്കുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേകട്ടെ ഞങ്ങൾക്കെന്നും.
മൊറിയോ..

**കോലോ – 2**
തൂബോ ലൻബീയെ

**കാർമ്മി:** ഭാഗ്യം നിബിയർക്കും – ഭാഗ്യം ശ്ലീഹർക്കും
**ജനം:** ഭാഗ്യം സഹദേർക്കും – പുനരുത്ഥാനദിനേ.
ബാറെക്മോർ
**കാർമ്മി:** ശുബ്ഹോ..
**ജനം:** മിശിഹായെ കാണ്മാൻ സഹദേരാശിച്ചു
വാളാൽ ചിറകേന്തി ഉന്നത പദമേറി.
മൊറിയോ..

www.malankaralibrary.com


**ബോവൂസോ**

**കാർമ്മി:** പരിശുദ്ധൻമാരേ നിങ്ങൾ
**ജനം:** പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

## കൃജ്ഞതാ പ്രാർത്ഥന

**ജനം:** ഓ! എത്രയും മാധുര്യവാനായ ഈശോയേ / വാനവ വൃന്ദങ്ങളുടെ / അവർണ്ണനീയമായ / സ്തുതി ഗീതാലാപനങ്ങളോട് ഒത്തുചേർന്ന് / ഞങ്ങളും അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ ബന്ധുവും / തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹായുമായ വി. യൂദാതദേവൂസിനെ / ഏതേത് വരങ്ങളാലും / ആനുകൂല്യങ്ങളാലും / അലങ്കരിപ്പാൻ അങ്ങേയ്ക്ക് തിരുവുള്ളമുണ്ടായോ / അവയ്ക്കെല്ലാം അങ്ങേയ്ക്ക് / ഞങ്ങൾ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഓ! അത്ഭുത പ്രവർത്തകനായ വി. യൂദായേ / ഞങ്ങളുടെ വിഷമ സമയത്തുള്ള / പ്രാർത്ഥനയിൽ മനസ്സലിഞ്ഞ് / അങ്ങു തന്നരുളിയ / അനുഗ്രഹ പൂർണ്ണമായ സഹായങ്ങൾ അനുസ്മരിച്ച് / ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങളോടുള്ള സവിശേഷമായ ഈ സ്നേഹത്തിന് / ഞങ്ങൾ എന്നേയ്ക്കും അങ്ങയോടു / കടപ്പെട്ടവരായിരിക്കും. ഭാവിയിലും ഞങ്ങളുടെ എല്ലാ പരീക്ഷണ ഘട്ടങ്ങളിലും / ഞങ്ങളെ തുണയ്ക്കേണമേ. വി. യൂദാശ്ലീഹായേ, എല്ലാറ്റിലും ഉപരിയായി / ഞങ്ങളുടെ മരണനേരത്തിൽ അവിടുന്ന് ഞങ്ങളുടെ സമീപത്ത് ഉണ്ടായിരിക്കുകയും / ഞങ്ങളുടെ ശത്രുക്കളിൽനിന്ന് / ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യേണമേ. ആമ്മീൻ.

www.malankaralibrary.com



## രോഗിക്കുവേണ്ടിയുള്ള പ്രാർത്ഥന

**ജനം:** തന്നോടപേക്ഷിക്കുന്നവരെ സൗജന്യമായി സൗഖ്യപ്പെടുത്തുകയും / ഔഷധങ്ങളും, സഹായങ്ങളുമായി / ഞങ്ങളുടെ പക്കലേക്ക് എഴുന്നള്ളുകയും ചെയ്ത / മഹാ വൈദ്യനായ ദൈവമേ / അനുഗ്രഹങ്ങളും കരുണയും നിറഞ്ഞ / നിന്റെ തൃക്കൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ. അങ്ങേ മഹാകരുണയിൽ / അഭയം പ്രാപിച്ചിരിക്കുന്ന ഞങ്ങളെ ആശ്വസിപ്പിക്കുകയും / ധൈര്യപ്പെടുത്തുകയും ചെയ്യേണമേ. ഞങ്ങളുടെ കുറ്റങ്ങൾ മോചിച്ച് / ക്ഷീണവും രോഗവും നീക്കി / ഞങ്ങളുടെ അവയവങ്ങളെ ബലപ്പെടുത്തേണമേ. നിന്റെ സഹായങ്ങൾ / ദാനമായി നൽകി / തോറ്റുപോകാത്ത ശരണത്തിലും / സ്ഥിരതയിലും / ഞങ്ങളെ ബന്ധിക്കേണമേ. വേദനകളെയും / പരീക്ഷകളെയും / ഞങ്ങളിൽ നിന്നകറ്റേണമേ. ഞങ്ങളുടെ പാപങ്ങളും / കടങ്ങളും മോചിച്ച് / പരിഹരിക്കേണമേ. എല്ലാവിധ ശിക്ഷകളിൽ നിന്നും / സങ്കടങ്ങളിൽ നിന്നും / ഞങ്ങളെ സംരക്ഷിക്കേണമേ. ഞങ്ങളോടുള്ള നിന്റെ/ സർവ്വ കൃപാകടാക്ഷങ്ങൾക്കും വേണ്ടി / ഞങ്ങൾ നിന്നെ സ്തുതിക്കുമാറാകട്ടെ. ആമ്മീൻ.

1. സ്വർഗ്ഗ 1. കൃപ നിറഞ്ഞ 1. ത്രിത്വ സ്തുതി

## ആശീർവാദം

www.malankaralibrary.com



**വിശുദ്ധ യൂദാശ്ലീഹായേ,
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ**

